1. ഇ.ബി. XIII-കേരള നിയമസഭ/XI-25

# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

# നിയമസഭാ നടപടികൾ- സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജൂലൈ 15, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**തിരുത്തിയ ഉത്തരം**

**19-06-2014 - ലെ നക്ഷത്രചിഹ്നമിടാത്ത 2755 -ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം**

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 19-06-2014-ലെ നക്ഷത്രചിഹ്നമിടാത്ത 2755-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം വിദ്യാഭ്യാസ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## അടിയന്തരപ്രമേയം

### ഹയർ സെക്കണ്ടറി പാഠപുസ്തക വിതരണം

മി. സ്പീക്കർ: സംസ്ഥാനത്തെ പ്ലസ് വൺ, പ്ലസ് ടു ക്ലാസ്സുകൾ ആരംഭിച്ചിട്ടും പുതുക്കിയതുൾപ്പെടെയുള്ള ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങൾ അച്ചടിച്ച് ലഭ്യമാക്കാത്തതിനാലും സർക്കാർ സ്കൂളുകളിൽ പ്ലസ് വൺ പ്രവേശനം ലഭിക്കാതെ രണ്ടര ലക്ഷത്തോളം വിദ്യാർത്ഥികളെ അൺഎയ്ഡഡ് മേഖലയുടെ ചൂഷണത്തിന് വിട്ടുകൊടുത്തിരിക്കുന്നതിനാലും ഹയർ സെക്കണ്ടറി വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ആശങ്കയുണ്ടാക്കിയിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഇ. കെ. വിജയൻ, ആർ. രാജേഷ്, ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സംസ്ഥാനത്ത് പ്ലസ് വൺ, പ്ലസ് ടു ക്ലാസ്സുകൾ ആരംഭിച്ചതോടൊപ്പം പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്ലസ് വൺ-ന്റെ മുഴുവൻ പാഠപുസ്തകങ്ങളും പുതിയ കരിക്കുലം പ്രകാരം തയ്യാറാക്കി അച്ചടിച്ച് ലഭ്യമാക്കുകയാണുണ്ടായത്. പ്ലസ് വൺ-ന് എസ്.സി.ഇ.ആർ.ടി.യും എൻ.സി.ഇ.ആർ.ടി.യും തയ്യാറാക്കിയിട്ടുള്ള

പുസ്തകങ്ങളുടെ പ്രിന്റിംഗും പ്ലസ് ടുവിനുള്ള 46 പുസ്തകങ്ങളുടെ റീപ്രിന്റിംഗുമാണ് നടത്തുന്നത്. 20% സീറ്റ് വർദ്ധിപ്പിച്ചതുവഴി പ്ലസ് വൺ-ന് 392036 സീറ്റുകൾ ലഭ്യമാക്കിയെങ്കിലും 95000-ത്തോളം സീറ്റുകളുടെ കുറവുണ്ട്. വി.എച്ച്.എസ്.ഇ., പോളിടെക്നിക്, ഐ.ടി.ഐ., ടി.ടി.ഐ. മേഖലകളിലായി അര ലക്ഷത്തോളം സീറ്റുകൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ സീറ്റുകളും ബാച്ചുകളും അനുവദിക്കുന്ന കാര്യം പരിഗണനയിലാണ്. പ്ലസ് വൺ-ന് 52 ശതമാനവും പ്ലസ് ടു-ന് 88 ശതമാനവും പുസ്തകങ്ങൾ വിതരണം ചെയ്തിട്ടുണ്ട്; രണ്ടാഴ്ചയ്ക്കുള്ളിൽ ഇത് പൂർത്തിയാക്കുന്നതാണ്. ലബ്ബ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപക സംഘടനകളുൾപ്പെടെയുള്ള വിദഗ്ദ്ധരുമായി ചർച്ച ചെയ്താണ് ഹയർ സെക്കണ്ടറിയിൽ ശനിയാഴ്ച പ്രവൃത്തിദിനം ഒഴിവാക്കിക്കൊണ്ടുള്ള പുതിയ സമയക്രമം നടപ്പിലാക്കിയത്. പ്രിൻസിപ്പാൾമാരുടെ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽ ഒന്ന് മുതൽ എട്ട് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എ.പി.എൽ. വിഭാഗം ആൺകുട്ടികളൊഴികെ എല്ലാവർക്കും എസ്.എസ്.എ. മുഖേന എംപാനൽ ചെയ്ത കമ്പനികൾവഴി ഗുണനിലവാരമുള്ള രണ്ട് ജോഡി യൂണിഫോം വീതം വിതരണം ചെയ്യുന്നുണ്ട്; ജൂലൈ 15-ാം തീയതിക്കകം ഇത് പൂർത്തിയാക്കുന്നതാണ്. ഈ വർഷം സർക്കാർ സ്കൂളുകളിലെ 7.88 ലക്ഷം കുട്ടികൾക്ക് യൂണിഫോം വിതരണം ചെയ്യുന്നതിനായി 31.21 കോടി രൂപ

അനുവദിക്കുന്നതും എയ്ഡഡ് മേഖലയിലെ കുട്ടികൾക്ക് തുക അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്.

ശ്രീ. ഇ. കെ. വിജയൻ: പ്ലസ് വൺ, പ്ലസ് ടു ക്ലാസ്സുകൾക്കു മാത്രമല്ല ഒന്ന് മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിലേയ്ക്കുള്ള പുസ്തകങ്ങളും ഇതുവരെ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല. പരീക്ഷകൾ ആരംഭിക്കാൻ പോകുന്ന അവസരത്തിൽ പുസ്തകങ്ങളുടെ അച്ചടി ആരംഭിച്ചിട്ടേയുള്ളൂ. അൺഎയ്ഡഡ് സ്കൂൾ മാനേജുമെന്റുകൾക്കും ഗൈഡ് ലോബിക്കും സ്വകാര്യ പ്രസ്സുകാർക്കും ഒത്താശ ചെയ്തുകൊടുക്കുന്ന നയസമീപനത്തിന്റെ ഫലമായാണ് വിദ്യാഭ്യാസ രംഗത്ത് ഈ പ്രതിസന്ധിയുണ്ടായിരിക്കുന്നത്. ഗൈഡുകളെമാത്രം ആശ്രയിക്കേണ്ട ഗുരുതരമായ സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. ഗുണനിലവാരം കുറഞ്ഞ കടലാസ്സുകളിൽ പുസ്തകങ്ങൾ അച്ചടിക്കുന്നത് പരിതാപകരമാണ്. സ്കൂളുകളിലെ പോഷകാഹാര വിതരണ പദ്ധതി ഈ സർക്കാർ അട്ടിമറിച്ചിരിക്കുകയാണ്. സർക്കാർ -എയ്ഡഡ് സ്കൂളുകളിൽ ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കുന്നതിനും ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് പ്ലസ് വൺ അഡ്മിഷൻ ലഭ്യമാക്കുന്നതിനും നിർദ്ധനരായ കുട്ടികൾക്ക് ലംപ്സംഗ്രാന്റ് നൽകുന്നതിനും നടപടി സ്വീകരിക്കണം. ദിവസ വേതനാടിസ്ഥാനത്തിൽപ്പോലും അദ്ധ്യാപകരെ നിയമിക്കുന്നതിനോ ഹയർ സെക്കണ്ടറി പ്രിൻസിപ്പാൾമാരെ നിയമിക്കുന്നതിനോ സർക്കാർ

സന്നദ്ധമാകുന്നില്ല. അദ്ധ്യാപക-വിദ്യാർത്ഥി സംഘടനകളോട് ആലോചിക്കാതെ അശാസ്ത്രീയമായ രീതിയിൽ ടൈം ടേബിളിൽ മാറ്റം വരുത്തിയിരിക്കുന്നത് പ്രതിഷേധാർഹമാണ്. ഹയർ സെക്കണ്ടറി തലത്തിൽ പ്രവൃത്തിദിനം അഞ്ചാക്കിയതുമൂലം ശനിയാഴ്ച ദിവസവും പ്രിൻസിപ്പാൾമാർ ജോലി ചെയ്യേണ്ടി വരികയാണ്. പൊതുവിദ്യാഭ്യാസത്തെ തകർക്കുന്ന സമീപനങ്ങളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സ്കൂൾ-ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങൾ സ്വകാര്യ പ്രസ്സുകളിലല്ല അച്ചടിക്കുന്നത്. സ്വകാര്യ ലോബികൾക്ക് വഴങ്ങിക്കൊടുക്കുന്ന തരത്തിലൊരു സമീപനവും സർക്കാർ സ്വീകരിച്ചിട്ടില്ല. സ്കൂൾ തലത്തിലെ ഒന്നാംഘട്ട പാഠപുസ്തകങ്ങളും പ്ലസ് വൺ-ന്റെ 652504-ഉം പ്ലസ് ടു -വിന്റെ 90 ശതമാനവും പാഠപുസ്തകങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഹയർ സെക്കണ്ടറി-സ്കൂൾ തലങ്ങളിലെ മുഴുവൻ പാഠപുസ്തകവിതരണവും ജൂലൈ മാസത്തിനകം പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്ലസ് വൺ-ന് ഏറ്റവും കൂടുതൽ ബാച്ചുകളും പുതിയ സ്കൂളുകളും അനുവദിച്ചത് ഈ സർക്കാരാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഒരു പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സ്കൂളുകളിലെ ടൈം ടേബിളുകളിൽ മാറ്റം

വരുത്തിയിരിക്കുന്നത്. ഇതിൽ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെങ്കിൽ പരിശോധിച്ച് ആവശ്യമായ മാറ്റം വരുത്തുന്നതാണ്. ഹയർ സെക്കണ്ടറി സ്കൂളുകളില്ലാത്ത പഞ്ചായത്തുകളിൽ അവ അനുവദിക്കാനുള്ള സർക്കാർ തീരുമാനം കോടതി സ്റ്റേ ചെയ്ത സാഹചര്യത്തിൽ പ്രത്യേക മന്ത്രിസഭാ യോഗം ചേർന്ന് നിലവിലുള്ള സ്കൂളുകളിൽ 20 ശതമാനം സീറ്റുകൾ അധികമായി അനുവദിച്ചിട്ടുണ്ട്. പ്ലസ് ടു ക്ലാസ് ആരംഭിച്ച 14-07-2014-നുതന്നെ 90 ശതമാനം പാഠപുസ്തകങ്ങളും വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവയുടെ വിതരണം എത്രയുംവേഗം പൂർത്തിയാക്കുന്നതാണ്. വിദ്യാർത്ഥികൾക്ക് യഥാസമയം പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ.കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധ ക്ഷണിക്കൽ

### (1) ഭിന്നശേഷിയുള്ളവരുടെയും അംഗപരിമിതരുടെയും സംരക്ഷണം

ശ്രീ. എം. പി. വിൻസെന്റ്: സംസ്ഥാനത്തെ ഭിന്നശേഷിയുള്ളവരുടെയും അംഗപരിമിതരുടെയും ക്ഷേമവും സംരക്ഷണവും പുനരധിവാസവും ഉറപ്പുവരുത്താനാവശ്യമായ നടപടി സ്വീകരിക്കണം. വിദേശ രാഷ്ട്രങ്ങളിൽ നിരോധിക്കപ്പെടുന്ന മരുന്നുകളുടെ ഉപയോഗം ഗർഭസ്ഥ ശിശുക്കളിൽ ജനിതക വൈകല്യത്തിന് കാരണമാകുന്നുണ്ട്. ഭിന്നശേഷിയുള്ളവരുടെ ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനം ജില്ലാതലത്തിൽ വ്യാപിപ്പിക്കാനും ബിരുദാനന്തര ബിരുദ തലംവരെ സൗജന്യ വിദ്യാഭ്യാസം ലഭ്യമാക്കാനും പ്രത്യേക പാർപ്പിട പദ്ധതി പ്രഖ്യാപിക്കാനും തയ്യാറാകണം. വികലാംഗക്ഷേമ നയം പ്രഖ്യാപിക്കുകയും വികലാംഗ ക്ഷേമം സംബന്ധിച്ച ഓമനക്കുഞ്ഞമ്മ കമ്മീഷൻ, ബഹദൂർ സാഹിബ് കമ്മീഷൻ റിപ്പോർട്ടുകളിലെ ശുപാർശകൾ നടപ്പിലാക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുകയും വേണം. മുപ്പത് ലക്ഷത്തോളം വരുന്ന ഭിന്നശേഷിയുള്ളവർക്ക് മാർഗ്ഗനിർദ്ദേശം നൽകാനും ആശ്വാസം പകരാനും അടിയന്തര നടപടി സ്വീകരിക്കണം. തൊഴിൽ പരിശീലനം നല്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. ഭിന്നശേഷിക്കാർക്കായി നീക്കിവച്ചിട്ടുള്ള ഒഴിവുകൾ നികത്തുകയും ഡയറക്ട് റിക്രൂട്ട്മെന്റിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്യണം.

തദ്ദേശഭരണ-സഹകരണ സ്ഥാപനങ്ങളിൽ ഇവർക്കായി പ്രത്യേക സംവരണം ഏർപ്പെടുത്തണം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ച വികലാംഗരെ സ്ഥിരപ്പെടുത്താൻ നടപടിയുണ്ടാകണം. വ്യാജ രേഖ ചമച്ച് ഇവരുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കണം. ആരോഗ്യ വകുപ്പിന്റെ കീഴിൽ വിദഗ്ദ്ധ ഡോക്ടർമാരടങ്ങുന്ന സഞ്ചരിക്കുന്ന വിംഗ് രൂപീകരിച്ച് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. ഇവർക്കായി പ്രത്യേക കടാശ്വാസ പദ്ധതിക്ക് രൂപം നൽകാനും വായ്പ എഴുതിത്തള്ളാനും നാലായിരം രൂപ വാർദ്ധക്യകാല പെൻഷൻ അനുവദിക്കാനും തയ്യാറാകണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സംസ്ഥാനത്തെ ഭിന്നശേഷിയുള്ളവർക്കും അംഗപരിമിതർക്കുമായി ആശ്വാസകിരണം, കാരുണ്യ നിക്ഷേപം, ശ്രുതി തരംഗം, സ്പെഷ്യൽ സ്കൂളുകൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, ഹാഫ്‌വേ ഹോമുകൾ, ആശാ ഭവനുകൾ തുടങ്ങി നിരവധി പദ്ധതികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കിയിട്ടുണ്ട്. മൂന്ന് വയസ്സിന് താഴെയുള്ള കുട്ടികളുടെ ബുദ്ധിമാന്ദ്യം കണ്ടെത്തുന്നതിനായി അംഗനവാടി വർക്കേഴ്സിന് പരിശീലനം നൽകുന്നുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി സേവനം ചെയ്ത 2677 അംഗപരിമിതർക്ക് സൂപ്പർന്യൂമററി

തസ്തിക സൃഷ്ടിച്ച് പുനർ നിയമനം നൽകുകയും ഭിന്നശേഷിയുള്ളവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു പോളിസിക്ക് രൂപം കൊടുത്തുവരികയും ചെയ്യുന്നു. വികലാംഗരുടെ വാർദ്ധക്യകാല പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (2) സ്വകാര്യ ലാബുകളുടെ പ്രവർത്തനക്ഷമത

ശ്രീമതി കെ. എസ്. സലീഖ: സംസ്ഥാനത്തെ സ്വകാര്യ ലാബുകൾ ലൈസൻസില്ലാതെയും വൃത്തിഹീനമായ സ്ഥലത്ത് അമിത ഫീസ് ഈടാക്കിക്കൊണ്ടും പ്രവർത്തിക്കുകയാണ്. കാലാവധി കഴിഞ്ഞ രാസ വസ്തുക്കൾ ഉപയോഗിച്ച് യോഗ്യതയില്ലാത്ത ടെക്നീഷ്യന്മാർ പരിശോധന നടത്തുന്നതുമൂലം ശരിയായ രീതിയിൽ രോഗ നിർണ്ണയം നടത്താൻ സാധിക്കുന്നില്ല. സ്വകാര്യ ലാബുകൾ അമിത ഫീസ് ഈടാക്കി ജനങ്ങളെ ചൂഷണം ചെയ്യുന്നത് തടയുന്നതിന് സത്വര നടപടി സ്വീകരിക്കണം. സ്വകാര്യ ലാബുകളെ നിയന്ത്രിക്കുന്നതിനായി സർക്കാർ കൊണ്ടുവന്ന ബിൽ നിയമമാക്കാൻ നടപടി സ്വീകരിക്കണം. പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി സ്വകാര്യ ലാബുകളുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്നതിനും ഏകീകൃത പരിശോധനാ നിരക്ക് ഏർപ്പെടുത്തുന്നതിനും രജിസ്ട്രേഷൻ നിർബന്ധമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സ്വകാര്യ ലാബുകളെ നിയന്ത്രിക്കുന്നതിനായി കൊണ്ടുവന്ന കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ നിയമമാക്കുന്നതിന്റെ അവസാന ഘട്ടത്തിലാണ്. പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ ക്ലിനിക്കൽ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന സേവനങ്ങളുടെയും സൗകര്യങ്ങളുടെയും ഏറ്റവും കുറഞ്ഞ നിലവാരം നിശ്ചയിക്കുന്നതിനും അവയുടെ രജിസ്ട്രേഷനും നിയന്ത്രണത്തിനുമുള്ള വ്യവസ്ഥകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അനധികൃത സ്ഥാപനങ്ങൾ നിർത്തലാക്കുന്നതിനും നിയമലംഘനത്തിന് കർശന ശിക്ഷ നൽകുന്നതിനും ഏകീകൃത പരിശോധനാ നിരക്ക് ഏർപ്പെടുത്തുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. അംഗീകൃത ചികിത്സാ സമ്പ്രദായങ്ങളിലുൾപ്പെടുന്ന ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് ബില്ലിലെ വ്യവസ്ഥകൾ ബാധകമായിരിക്കും. നിയമം നിലവിൽ വരുന്നതോടുകൂടി സംസ്ഥാനത്തെ സ്വകാര്യ ക്ലിനിക്കൽ സ്ഥാപനങ്ങളുടെമേൽ സർക്കാരിന് നിയന്ത്രണമുണ്ടാകുകയും ലാബുകളുടെ ഗുണനിലവാര പരിശോധന കർശനമാക്കുകയും ചെയ്യും. ഗുണനിലവാരമുള്ള പരിശോധനകൾ നടത്തുന്നതിനായി 250 പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലബോറട്ടറികളും പബ്ലിക് ഹെൽത്ത് ലാബിൽ പോളിമറേസ് ചെയിൻ റിയാക്ഷൻ (പി.സി.ആർ.) ടെസ്റ്റ് ലാബും

കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന്റെ ആഭിമുഖ്യത്തിൽ കൂടുതൽ അഡ്വാൻസ്ഡ് ക്ലിനിക്കൽ റിസർച്ച് ലാബുകളും സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ലാബുകൾ ആരംഭിച്ച് ബി.പി.എൽ.-കാർക്ക് സൗജന്യ പരിശോധന ലഭ്യമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ലാബുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സേഫ് കേരള പദ്ധതി നടപ്പിലാക്കുകയും ഡി.എം.ഒ.-മാർ ലാബുകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പുതിയ ആരോഗ്യ നിയമം കാലതാമസം കൂടാതെ പ്രാബല്യത്തിൽ വരുത്തുന്നതിനും ലാബ് ടെക്നീഷ്യൻമാരുടെ കുറവ് പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

## സബ്മിഷൻ

### (1) പഠന പ്രതിസന്ധി

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): കാസർഗോഡ് ജില്ലയിലെ സ്കൂളുകളിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന അദ്ധ്യാപകരെ പിരിച്ചുവിട്ടതുമൂലമുണ്ടായിട്ടുള്ള പഠന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): 2012-13 അദ്ധ്യയന

വർഷത്തെ തസ്തിക നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകരുടെ പുനർവിന്യാസം മാത്രമേ നടത്തിയിട്ടുള്ളൂ. താൽക്കാലിക അദ്ധ്യാപകരെ പിരിച്ചുവിടുന്നതിന് ഉത്തരവ് ഇറക്കിയിട്ടില്ല.

## (2) ഗ്ലോബൽ ആയുർവേദിക് വില്ലേജ്

ശ്രീ. വർക്കല കഹാർ: വർക്കലയിൽ ഗ്ലോബൽ ആയുർവേദിക് വില്ലേജിന്റെ സ്ഥലമെടുപ്പ് പൂർത്തിയാക്കി തുടർനടപടികൾ ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ സർക്കാർ വിഹിതം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): പി.പി.പി. മാതൃകയിൽ ആധുനിക ആയുർവേദ പാർക്ക് സ്ഥാപിക്കുന്നതിന് സർക്കാർ മുന്തിയ പരിഗണന നൽകുന്നുണ്ട്. പുതിയ ലാന്റ് അക്വിസിഷൻ നിയമത്തിന്റെ പശ്ചാത്തലത്തിൽ വർക്കല പ്രോജക്ടിന്റെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് റവന്യൂ വകുപ്പുമന്ത്രിയുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## (3) റബ്ബർ സംഭരണത്തിന് പണം നൽകൽ

ശ്രീ. പി. സി. ജോർജ്: റബ്ബറിന്റെ വിലയിടിവ് തടയുന്നതിനും റബ്ബർ സംഭരണത്തിനാവശ്യമായ തുക നീക്കിവയ്ക്കുന്നതിനും നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം.

മാണി): റബ്ബർ വില കുറഞ്ഞ സാഹചര്യത്തിൽ റബ്ബർ സംഭരണം നടത്തുന്നതിനായി മാർക്കറ്റ് ഫെഡ്, റബ്ബർ മാർക്ക്, റബ്ബർ ബോർഡിന്റെ കീഴിലുള്ള റബ്ബർ ഉത്പാദക സംഘങ്ങൾ എന്നിവയെ സംഭരണ ഏജൻസികളായി നിയമിച്ച് 138 മെട്രിക് ടൺ റബർ സംഭരിച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വില സ്ഥിരതയ്ക്കുവേണ്ടി 4 കോടി രൂപയ്ക്ക് അധിക അനുമതി നൽകിയിട്ടുണ്ട്. 10 കോടി രൂപകൂടി ഇതിനായി മാറ്റിവയ്ക്കുന്നതാണ്. റബ്ബർ സംഭരിക്കുന്നതിൽ സംഭരണ ഏജൻസികൾ കുറച്ചുകൂടി ജാഗ്രത കാണിക്കണം. സംഭരണം ശാസ്ത്രീയമാക്കാൻ കൃഷി വകുപ്പ് നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) റബ്ബർ സംഭരണത്തിന്റെ കാര്യത്തിൽ മുഖ്യമന്ത്രിയുമായി ആലോചിച്ച് ഒരു കോൺഫറൻസ് നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (4) സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് യുവാക്കൾ കൊല്ലപ്പെട്ട സംഭവം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് കോഴിക്കോട്, തലശ്ശേരി സ്വദേശികളായ യുവാക്കൾ കൊലചെയ്യപ്പെട്ട സംഭവം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനും സംസ്ഥാനത്ത് വ്യാപകമാകുന്ന സ്വർണ്ണക്കടത്ത് മാഫിയ സംഘങ്ങളെ നിയന്ത്രിക്കുന്നതിനും

നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): മംഗലാപുരത്ത് സംശയാസ്പദമായ നിലയിൽ കണ്ട യുവാക്കളെ സംബന്ധിച്ച് അന്വേഷണം നടത്തിവരവേ അവർ സഞ്ചരിച്ചിരുന്ന കാറിൽനിന്ന് ചോര പുരണ്ട വസ്ത്രങ്ങൾ കണ്ടെത്തിയതിനെത്തുടർന്ന് ഇവരെ കസ്റ്റഡിയിലെടുക്കുകയുണ്ടായി. തുടർന്ന് നടത്തിയ വിശദമായ അന്വേഷണത്തിൽ മുഹമ്മദ് സനാഫ്, ഇർഷാദ്, സഫാൻ എന്നിവർ തലശ്ശേരി സ്വദേശി നഫീർ, കോഴിക്കോട് സ്വദേശി ഫാഹിം എന്നിവരോടൊപ്പം വാടകയ്ക്ക് താമസിച്ചിരുന്നുവെന്നും അവിടെവച്ച് പണസംബന്ധമായ തർക്കത്തെത്തുടർന്ന് നഫീറിനെയും ഫാഹിമിനെയും കൊലപ്പെടുത്തി മൃതദേഹങ്ങൾ കാസർകോഡ് ബേഡകം പോലീസ് സ്റ്റേഷൻ പരിധിയിലുള്ള മരുതടക്കം എന്ന സ്ഥലത്ത് കുഴിച്ചിട്ടതായും അറിയാൻ കഴിഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ കർണ്ണാടക പാണ്ടേശ്വരം പോലീസ് സ്റ്റേഷനിൽ വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. മൃതദേഹങ്ങൾ മറവ് ചെയ്ത സ്ഥലത്തുനിന്ന് കണ്ടെടുത്ത് പോസ്റ്റ്മോർട്ടം നടത്തി ബന്ധുക്കൾക്ക് വിട്ടുകൊടുത്തിട്ടുണ്ട്. സ്വർണ്ണക്കടത്ത് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത് തടയുന്നതിന് വിമാനത്താവളങ്ങളിൽ കസ്റ്റംസ് ഇന്റലിജൻസ് പരിശോധന ഊർജ്ജിതമാക്കണമെന്ന് ആവശ്യപ്പെടുകയും ലോക്കൽ

പോലീസിന്റെ സഹകരണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## (5) നവരാത്രി വിഗ്രഹങ്ങൾക്ക് വിശ്രമത്തിന് സൗകര്യം

ശ്രീ. ആർ. സെൽവരാജ്: നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ നവരാത്രി വിഗ്രഹങ്ങൾക്ക് വിശ്രമിക്കുന്നതിന് ആവശ്യമായ മണ്ഡപവും അടിസ്ഥാന സൗകര്യവും ഒരുക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): നവരാത്രി വിഗ്രഹങ്ങൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ മണ്ഡപവും അടിസ്ഥാന സൗകര്യവും ഒരുക്കുന്നതിനായി നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ ഊട്ടുപുരയ്ക്ക് മുമ്പിലുള്ള തുറസ്സായ സ്ഥലത്ത് ഓഡിറ്റോറിയം നിർമ്മിക്കുന്ന കാര്യം ദേവസ്വം ബോർഡിന്റെ പരിഗണനയിലാണ്. നവരാത്രി ഘോഷയാത്രയെ അനുഗമിക്കുന്നവർക്ക് വിശ്രമിക്കുന്നതിനായി ഊട്ടുപുരയുടെയും ലൈബ്രറി ഹാളിന്റെയും ശ്രീകൃഷ്ണ ഓഡിറ്റോറിയത്തിന്റെയും അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. നവരാത്രി പൂജയുമായി ബന്ധപ്പെട്ട് ക്ഷേത്രത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് ദേവസ്വം ബോർഡിന് നിർദ്ദേശം നൽകുന്നതാണ്.

## (6) വിത്തുതേങ്ങ സംഭരിച്ചതിന്റെ വില നൽകൽ

ശ്രീ. ഇ. കെ. വിജയൻ : നാദാപുരം മണ്ഡലത്തിലെ കാവിലുംപടി, കായപ്പാറ, മരുതോങ്കര മേഖലകളിൽനിന്ന് ശേഖരിച്ച വിത്തുതേങ്ങയുടെ വില നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): കോഴിക്കോട് ജില്ലയിലെ വടകര വിത്തുതേങ്ങാ സംഭരണ യൂണിറ്റിന്റെ നേതൃത്വത്തിൽ 2014 മാർച്ച് 31 വരെ സംഭരിച്ച വിത്തുതേങ്ങയുടെ വില നൽകുകയും അതിനുശേഷം സംഭരിച്ചതിന്റെ വില നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. 2014 ഏപ്രിൽ-മെയ് മാസങ്ങളിൽ വേനൽ മഴമൂലം കോഴിക്കോട് ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ കൃഷിനാശം സംഭവിച്ചവർക്കായി 12,88,085 രൂപയുടെ നഷ്ടപരിഹാരം കണക്കാക്കിയിട്ടുണ്ട്. നാദാപുരം പഞ്ചായത്തിലെ ഇളയംകോട് ദേശത്ത് വിളനാശം സംഭവിച്ചവരുടെ നഷ്ടപരിഹാരത്തിനുള്ള അപേക്ഷകൾ പരിശോധിച്ചുവരുന്നു.

## (7) തെങ്ങ് കൃഷിനാശം

ശ്രീ. ജെയിംസ് മാത്യു: തളിപ്പറമ്പ് പ്രദേശത്തെ കുവോട് മേഖലയിൽ തെങ്ങോലപ്പുഴുവിന്റെ ആക്രമണം തടയുന്നതിനും തെങ്ങുകൾ നശിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): തളിപ്പറമ്പ് കുവോട് മേഖലയിൽ തെങ്ങോലപ്പുഴുവിന്റെ ആക്രമണം തടയുന്നതിനായി എതിർപ്രാണികളെ ശേഖരിച്ച് തെങ്ങോലകളിൽ വിട്ടുകൊടുത്തതിന്റെ ഫലമായി കീടബാധ ഒരു പരിധിവരെ നിയന്ത്രണവിധേയമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. വരുംവർഷവും കീടബാധയുണ്ടാകാൻ സാധ്യതയുള്ളതിനാൽ എതിർപ്രാണികളെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തെങ്ങുകൾ നശിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (8) സബ് സ്റ്റേഷൻ

ശ്രീ. എസ്. രാജേന്ദ്രൻ: മറയൂർ-കാന്തല്ലൂർ-വട്ടവട പ്രദേശത്ത് സബ്സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): മറയൂർ-കാന്തല്ലൂർ-വട്ടവട തുടങ്ങിയ സ്ഥലങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി മൂന്നാറിൽ ഒരു 66 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ശ്രമം നടത്തിവരികയാണ്.

## (9) ആർട്സ് ആന്റ് സയൻസ് കോളേജിന് അംഗീകാരം

ശ്രീ. പി. റ്റി. എ. റഹീം: കുന്ദമംഗലം നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജിന്റെ പ്രവർത്തനം

ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): കുന്ദമംഗലം നിയോജക മണ്ഡലത്തിൽ ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിച്ചതിനെത്തുടർന്ന് കോളേജിനായി ശുപാർശ ചെയ്യപ്പെട്ട സ്ഥലം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അഞ്ച് കോഴ്സുകളോടെ കോളേജ് ആരംഭിക്കുന്നതിന് 1,97,58,732 രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചാലുടൻ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

## (10) അദ്ധ്യാപക തസ്തികകൾ

ശ്രീ. വി. റ്റി. ബൽറാം: ജില്ലാ അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളിൽ ഒഴിഞ്ഞു കിടക്കുന്ന അദ്ധ്യാപക തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സംസ്ഥാനത്തെ 14 ഡയറ്റുകളിലായി ലക്ച്ചറർ തസ്തികയിൽ 63 ഒഴിവുകൾ നിലവിലുണ്ട്. ഡയറ്റ് സ്പെഷ്യൽ റൂൾ പ്രകാരം നിലവിലുള്ള ഒഴിവുകളിൽ പകുതി പി.എസ്.സി. മുഖേന നേരിട്ടും ബാക്കി തസ്തികമാറ്റം വഴിയുമാണ് നിയമിക്കേണ്ടത്. ഓരോ ജില്ലയിലെയും ആവശ്യകത പരിശോധിച്ച് നിലവിലുള്ള ഒഴിവുകൾ വേർതിരിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി എസ്.സി.ഇ.ആർ.ടി.യെ ചുമതലപ്പെടുത്തുന്ന കാര്യം

പരിശോധിക്കുന്നതും താമസംവിനാ നടപടി സ്വീകരിക്കുന്നതുമാണ്.

## (11) തൂക്കുപാലം

ശ്രീ. പി. കെ. ബഷീർ: ഏറനാട് നിയോജകമണ്ഡലത്തിലെ എടവണ്ണ പഞ്ചായത്തിൽ ചാലിയാർ പുഴയ്ക്ക് കുറുകെ കുണ്ടുതോട്-കൊളപ്പാട് എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് തൂക്കുപാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക ചെലവഴിക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ പുതിയ തൂക്കുപാലങ്ങൾ നിർമ്മിക്കാൻ കഴിയില്ലെന്നാണ് ഡിപ്പാർട്ട്മെന്റ് അറിയിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ആസ്തി വികസന ഫണ്ടിൽനിന്നും ഒരുകോടി രൂപ ചെലവഴിക്കാൻ തയ്യാറായ സാഹചര്യത്തിൽ ബാക്കി തുക ആർ.എം.എഫ്.-ൽ നിന്നും കണ്ടെത്തി തൂക്കുപാലം നിർമ്മിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുന്നതാണ്.

## (12) മത്സ്യസമ്പത്ത് സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ലൂഡി ലൂയിസ്: സംസ്ഥാനത്തെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യവിത്തുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ശക്തവും സമഗ്രവുമായ

നിയമങ്ങൾക്ക് രൂപം നൽകുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യവിത്തുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും ആവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 2014-ലെ കേരള ഫിഷ് സീഡ് ഓർഡിനൻസ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ട്രോളിംഗ് നിരോധനത്തിനുള്ള ദിവസങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുകയാണ്. മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് കൃത്രിമപാരുകൾ, സാങ്ച്വറികൾ എന്നിവ കടലിൽ സ്ഥാപിക്കുകയും മത്സ്യസമൃദ്ധി, സീറാഞ്ചിംഗ് പദ്ധതികൾ നടപ്പാക്കിവരികയുമാണ്. ചെറുമത്സ്യങ്ങളെ പിടികൂടുന്നത് തടയുന്നതിനായി നിശ്ചിത വലിപ്പത്തിൽക്കുറഞ്ഞ മത്സ്യങ്ങൾ പിടിക്കുന്നത് നിരോധിക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

## (13) കുടിവെള്ള പദ്ധതി

ശ്രീ. വി. ചെന്താമരാക്ഷൻ: നെന്മാറ നിയോജകമണ്ഡലത്തിലെ മുതലമട ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ചുള്ളിയാർ ഡാം സ്രോതസ്സാക്കി കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനും പലകപാണ്ടി പദ്ധതിയുടെ ശേഷിക്കുന്ന പണികൾ പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ചുള്ളിയാർ ഡാമിലേയ്ക്ക്

പലകപാണ്ടി പദ്ധതിയിൽനിന്നും ആവശ്യത്തിന് ജലം ലഭിക്കുമോയെന്ന് പരിശോധിച്ചുകൊണ്ട് മുതലമട പഞ്ചായത്തിൽ മുഴുവനായും കൊല്ലങ്കോട് പഞ്ചായത്തിന്റെ ഒരു ഭാഗവും ഉൾപ്പെടുത്തി ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുന്ന കാര്യം സർവ്വേ നടത്തി രൂപകല്പന ചെയ്യുന്നതാണ്. പലകപാണ്ടി പദ്ധതി എത്രയുംവേഗം പൂർത്തീകരിക്കുന്നതാണ്.

## (14) ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കൽ

ശ്രീ. ചിറ്റയം ഗോപകുമാർ: അടൂർ നിയോജകമണ്ഡലത്തിലെ അടൂർ ശുദ്ധജല വിതരണ പദ്ധതിയിലുൾപ്പെട്ട കാലഹരണപ്പെട്ട എ.സി. പൈപ്പുലൈനുകൾ മാറ്റി പുതിയ ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): പത്തനംതിട്ട ജില്ലയിൽ അടൂർ മുനിസിപ്പാലിറ്റിയും സമീപ പഞ്ചായത്തുകളും ഉൾപ്പെടുന്ന അടൂർ ശുദ്ധജലവിതരണ പദ്ധതിയിലെ എ.സി. പൈപ്പുകൾ കാലപ്പഴക്കംകൊണ്ടും ജലത്തിന്റെ ഉയർന്ന മർദ്ദംമൂലവും അടിക്കടി പൊട്ടുന്നത് ജലവിതരണം തടസ്സപ്പെടുന്നതിനും റോഡുകളുടെ തകർച്ചയ്ക്കും കാരണമാകുന്നുണ്ട്. നിലവിലുള്ള എ.സി. പൈപ്പുകൾ മാറ്റി ഡി.ഐ./ പി.വി.സി. പൈപ്പുകൾ സ്ഥാപിക്കുന്നതിന് 45 കോടി രൂപയോളം ചെലവാകും. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി

പ്രവൃത്തി ഏറ്റെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## (15) ഡോക്ടർമാരുടെ അഭാവം

ശ്രീ. റ്റി. യു. കുരുവിള: കോതമംഗലം നിയോജകമണ്ഡലത്തിലെ കോതമംഗലം താലൂക്കാശുപത്രി, നേര്യമംഗലം സി.എച്ച്.സി., പല്ലാരിമംഗലം സി.എച്ച്.സി., വാരപ്പെട്ടി സി.എച്ച്.സി. എന്നിവിടങ്ങളിലെ ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): 19 ഡോക്ടർമാരുടെ തസ്തികകൾ അനുവദിക്കപ്പെട്ട കോതമംഗലം താലൂക്കാശുപത്രിയിൽ നിലവിൽ നാല് അഡ്ഹോക്ക് ഡോക്ടർമാരുൾപ്പെടെ 15 ഡോക്ടർമാരുണ്ട്. ഗൈനക്കോളജി, പീഡിയാട്രിക് വിഭാഗങ്ങളിലെ കൺസൾട്ടന്റ് ഡോക്ടർമാർ വർക്കിംഗ് അറേഞ്ച്മെന്റ് പ്രകാരം വേറെ ആശുപത്രികളിൽ ജോലി ചെയ്യുന്നതിനാൽ പകരം ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. നിലവിൽ ഡോക്ടർമാരുടെ ഒഴിവുകളില്ലാത്ത നേര്യമംഗലം, പല്ലാരിമംഗലം സി.എച്ച്.സി.കളിൽ ഐ.പി. ആരംഭിക്കുന്നതിന് കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. വാരപ്പെട്ടി സി.എച്ച്.സി.യിൽ കൂടുതൽ സപ്പോർട്ടിംഗ് സ്റ്റാഫിനെ നിയമിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

## (16) അലവൻസ് വർദ്ധനവ്

ശ്രീ. ഷാഫി പറമ്പിൽ: ആഭ്യന്തര വകുപ്പിൽനിന്നും ആരോഗ്യവകുപ്പിനു കീഴിൽ ജോലി ചെയ്യുന്ന പോലീസ് സർജൻമാർക്ക് നൽകിവരുന്ന പ്രതിമാസ അലവൻസ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): പോലീസ് സർജൻമാരുടെ പ്രതിമാസ അലവൻസ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച സംസ്ഥാന പോലീസ് മേധാവിയുടെ ശുപാർശ വിശദമായി പരിശോധിച്ച് അഭിപ്രായമറിയിക്കുന്നതിനായി ആഭ്യന്തര വകുപ്പ് ആരോഗ്യ-കുടുംബക്ഷേമ വകുപ്പിന് കൈമാറിയിട്ടുണ്ട്. ഈ വിഷയത്തിൽ അടിയന്തരമായി തീരുമാനമെടുക്കുന്നതാണ്.

## (17) ബൈപ്പാസിന്റെയും പാലത്തിന്റെയും നിർമ്മാണം

ശ്രീ. മാത്യു റ്റി. തോമസ്: തിരുവല്ല പട്ടണത്തിലെ ബൈപ്പാസിന്റെയും പന്നിക്കുഴി പാലത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):പന്നിക്കുഴി പാലം സ്ഥിതി ചെയ്യുന്ന കെ.എസ്.ടി.പി.-II-ന്റെ നാലാം പാക്കേജിൽ ഉൾപ്പെട്ട

ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡിന്റെ നിർമ്മാണത്തിനായി 245 കോടി രൂപയുടെ കരാർ റീടെണ്ടർ ചെയ്ത് സൂക്ഷ്മ പരിശോധന നടന്നുവരുന്നു. എത്രയുംവേഗം കരാറുറപ്പിച്ച് പന്നിക്കുഴി പാലത്തിന്റെ നിർമ്മാണവും ഗ്രീൻ ട്രിബ്യൂണലിന്റെ സ്റ്റേ വെക്കേറ്റ് ചെയ്യുന്ന മുറയ്ക്ക് 31.8 കോടി രൂപയുടെ തിരുവല്ല ബൈപ്പാസിന്റെ നിർമ്മാണവും ആരംഭിക്കുന്നതാണ്.

## (18) പാലങ്ങളുടെ നിർമ്മാണം

ശ്രീ. തോമസ് ചാണ്ടി: കുട്ടനാട്ടിലെ പാലങ്ങളുടെ നിർമ്മാണത്തിന് അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): കുട്ടനാട് മേഖലയിലെ കൈനകരി-മുണ്ടയ്ക്കൽ പാലം നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള റിവൈസ്ഡ് പ്രൊപ്പോസൽ ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പാലം നിർമ്മാണത്തിനുള്ള 22.50 കോടി രൂപയുടെ എസ്റ്റിമേറ്റ് പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. മുട്ടയം പാലത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ജിമംഗലം, തയ്ച്ചേരി പാലങ്ങളുടെ നിർമ്മാണത്തിനുള്ള പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## (19) ഭരണാനുമതിയും റോഡ് നവീകരണവും

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ഗുരുവായൂർ നഗരത്തിൽ റെയിൽവേ മേൽപ്പാലത്തിന് ഭരണാനുമതി നൽകുന്നതിനും അവിടത്തെ റോഡുകൾ നവീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): 2012-2013-ലെ റെയിൽവേയുടെ വർക്ക് പ്രോഗ്രാമിൽ ഗുരുവായൂർ റെയിൽവേ മേൽപ്പാലം ഉൾപ്പെടുത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം വിളിച്ചുചേർത്ത് അവിടെ ടോൾ പിരിവില്ലാത്ത പാലം നിർമ്മിക്കുന്നതു സംബന്ധിച്ച് ആലോചിക്കുന്നതാണ്. ഗുരുവായൂർ നഗരത്തിലെ ഔട്ടർ റിംഗ് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (20) മിനി സിവിൽ സ്റ്റേഷൻ

ശ്രീ. പുരുഷൻ കടലുണ്ടി: ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഒരു മിനി സിവിൽ സ്റ്റേഷൻ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

ബാലുശ്ശേരിയിൽ സിവിൽ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അത് യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി II-ന്റെ 2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) സബ്ജക്ട് കമ്മിറ്റി VII-ന്റെ 2013-2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2013-2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും രാസ പരിശോധനശാല-അനിവാര്യമായ വികസന പ്രവർത്തനങ്ങൾ എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

(4) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(5) സബോർഡിനേറ്റ് ലെജിസ്ലേഷൻ സംബന്ധിച്ച സമിതിയുടെ ഇരുപത്തിരണ്ടാമതും ഇരുപത്തിമൂന്നാമതും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014- ലെ കേരള ധനകാര്യ ബില്ലും 2014-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014 -ലെ കേരള ധനകാര്യ ബില്ലും 2014-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

## ക്രമപ്രശ്നം

### വിയോജനക്കുറിപ്പ് നൽകിയത് സംബന്ധിച്ച്

ശ്രീ. ബെന്നി ബെഹനാൻ: 2014-ലെ കേരള ധനകാര്യ ബില്ലും 2014-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും II-ഉം V-ഉം സബ്ജക്ട് കമ്മിറ്റികളുമായി ചേർന്ന് പരിഗണിക്കുന്നതിനായി VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് റഫർ ചെയ്തിരുന്നു. യോഗാനന്തരം കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങളിൽ ഒമ്പത് പേർ

ഒരേ രീതിയിൽ വിയോജനക്കുറിപ്പ് നൽകിയത് ഓർഡറിലാണോ എന്ന് വ്യക്തമാക്കണം.

## റൂളിംഗ്

### <u>വിയോജനക്കുറിപ്പ് നൽകിയത് സംബന്ധിച്ച്</u>

<u>മി. സ്പീക്കർ</u>: 2014-ലെ കേരള ധനകാര്യ ബില്ലും 2014-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും II-ഉം, V-ഉം നമ്പർ സബ്ജക്ട് കമ്മിറ്റികളുമായി ചേർന്ന് പരിഗണിക്കുന്നതിന് VIII- ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് ജൂലൈ 9-ാം തീയതി സഭ പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ അയയ്ക്കുകയുണ്ടായി. 2014-ലെ ധനകാര്യ ബിൽ പരിഗണിച്ച സബ്ജക്ട് കമ്മിറ്റി യോഗത്തിൽ പങ്കെടുത്ത അംഗങ്ങളിൽ ഒമ്പതുപേർ പൊതുവായി ഒരേ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിരിക്കുന്നതായി കാണുകയുണ്ടായി. ഈ നടപടി തികച്ചും തെറ്റാണ്. ഇക്കാര്യം സംബന്ധിച്ച് 2012 ജൂലൈ 17-ാം തീയതി ചെയർ റൂളിംഗ് നൽകിയിരുന്നു. വീണ്ടും അത് ആവർത്തിച്ചിരിക്കുകയാണ്. അതാത് സബ്ജക്ട് കമ്മിറ്റിയിലെ വിഷയങ്ങൾക്കുമാത്രമേ ബന്ധപ്പെട്ട അംഗങ്ങൾക്ക് വിയോജനക്കുറിപ്പ് രേഖപ്പെടുത്തുവാൻ സാധിക്കൂ. ഇവിടെ ഒമ്പത് അംഗങ്ങളും പൊതുവായി വിയോജനക്കുറിപ്പ് എഴുതി നൽകിയിരിക്കുന്നത് ക്രമാനുസൃതമല്ല. ചെയറിന്റെ 2012-ലെ റൂളിംഗ് സമിതി അംഗങ്ങളുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിൽ

നിയമസഭാ സെക്രട്ടേറിയറ്റിന്റെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ ഭാഗമായി ഒമ്പത് അംഗങ്ങൾ ഒപ്പിട്ട് പൊതുവായ വിയോജനക്കുറിപ്പ് ഇതിനകംതന്നെ സഭയിൽ വന്നിട്ടുള്ള സാഹചര്യത്തിൽ അതിന്മേൽ പ്രസംഗിക്കുന്ന II, V എന്നീ നമ്പർ സബ്ജക്ട് കമ്മിറ്റികളിലെ അംഗങ്ങൾ മേൽപ്പറഞ്ഞ കാര്യംകൂടി ഉൾക്കൊണ്ടുവേണം പ്രസംഗിക്കേണ്ടതെന്ന് ചെയർ നിർദ്ദേശിക്കുന്നു. ധനകാര്യ ബില്ലുകൾ ഒന്നിൽക്കൂടുതൽ സബ്ജക്ട് കമ്മിറ്റികളുടെ സംയുക്ത പരിശോധനയ്ക്ക് ഭാവിയിൽ അയയ്ക്കുന്ന വേളയിൽ നിയമസഭാ സെക്രട്ടേറിയറ്റ് ഈ റൂളിംഗിന് അനുസൃതമായി മാത്രമേ വിയോജനക്കുറിപ്പ് സ്വീകരിക്കാവൂയെന്നും ചെയർ റൂൾ ചെയ്യുന്നു.

ഡോ. ടി. എം. തോമസ് ഐസക്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. അപ്പലേറ്റ് ട്രിബ്യൂണലിന്റെ അധികാരങ്ങളെ സംബന്ധിച്ച ഭേദഗതി നിർദ്ദേശങ്ങളെപ്പറ്റി ബില്ലിൽ പരാമർശിച്ചിട്ടുള്ളത് സ്പഷ്ടീകരണം മാത്രമാണ്. കേരളത്തിന്റെ ചരിത്രത്തിൽ ധനകാര്യ മേഖലയിൽ 65 കോടി രൂപയുടെ പെനാൽറ്റി ഓർഡർ അട്ടിമറി നടത്തിയത് സംബന്ധിച്ച് അന്വേഷണം നടത്താനും ഇതുസംബന്ധിച്ച് കേസന്വേഷണം നടത്തിയ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ പുന:സ്ഥാപിക്കാനും തയ്യാറാകണം. സ്കൂളിൽ റിവേഴ്സ് ഓസ്മോസിസ് പ്ലാന്റ് (ആർ.ഒ.പ്ലാന്റ്) സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എം.എൽ.എ.-യെ

അപമാനിക്കുന്നവിധത്തിലുള്ള വിവരങ്ങൾ ആവശ്യപ്പെട്ട ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുക്കണം. കൈത്തറിക്ക് ഏർപ്പെടുത്തിയ ടേൺ ഓവർ ടാക്സ് ഒഴിവാക്കാനും കെട്ടിട നികുതിയുടെ എക്സംപ്ഷൻ ലിമിറ്റ് വർദ്ധിപ്പിക്കാനും മോട്ടോർ വെഹിക്കിൾ, ക്രഷർ യൂണിറ്റ് എന്നിവയ്ക്ക് ഏർപ്പെടുത്തിയ ടാക്സ് കുറയ്ക്കാനും നടപടി സ്വീകരിക്കണം. നികുതി വെട്ടിപ്പ് തടയാൻ സർക്കാർ ശക്തമായ ഇടപെടൽ നടത്തണം.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ജനങ്ങളുടെമേൽ വൻതോതിലുള്ള നികുതിഭാരം അടിച്ചേൽപ്പിക്കുന്ന നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്. മോട്ടോർ വാഹനങ്ങൾക്ക് ഏർപ്പെടുത്തിയ നികുതി വർദ്ധനവ് പുന:പരിശോധിക്കണം. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി സാധാരണ ജനങ്ങളുടെ മേൽ കടുത്ത നികുതിഭാരം അടിച്ചേൽപ്പിക്കുന്ന തീരുമാനം പിൻവലിക്കണം. മോട്ടാർ വാഹനങ്ങളുടെ ഒറ്റത്തവണ നികുതി പരിഷ്കരണം അശാസ്ത്രീയമാണ്. ഓട്ടോറിക്ഷകൾക്ക് അഞ്ച് വർഷത്തേയ്ക്കുള്ള നികുതി ഒരുമിച്ചടയ്ക്കണമെന്നുള്ള വ്യവസ്ഥ ഒഴിവാക്കണം. പുതിയ വാഹനങ്ങൾക്കുപുറമേ മുഴുവൻ മോട്ടോർ വാഹനങ്ങളുടേയും നികുതി ഇ-പേമെന്റ് സംവിധാനം വഴി അടയ്ക്കാനുള്ള തീരുമാനം പുന:പരിശോധിക്കണം. നികുതി നിരക്കിൽ വരുത്തിയിരിക്കുന്ന അമിത വർദ്ധന

പിൻവലിക്കാൻ തയ്യാറാകണം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ജനജീവിതം ദുരിതത്തിലാഴ്ത്തിക്കൊണ്ടുള്ള നികുതി വർദ്ധനവാണ് ഗവൺമെന്റ് ഏർപ്പെടുത്തിയിരിക്കുന്നത്. നികുതി വർദ്ധനവിൽ ന്യായമായ ഭേദഗതി വരുത്താൻ സർക്കാർ തയ്യാറാകണം. ബദൽ സംവിധാനങ്ങൾ കണ്ടുപിടിച്ച് നിർമ്മാണ മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കണം. നിർമ്മാണ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുന്ന നികുതി നിർദ്ദേശങ്ങളിൽ തിരുത്തൽ വരുത്തണം. മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തിനായി തീരദേശ സംരക്ഷണ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കണം. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് സുനാമി പുനരധിവാസ പദ്ധതി പ്രകാരം നിർമ്മിച്ച വീടുകൾ പുനർ നിർമ്മിക്കുന്നതിനോ അറ്റകുറ്റപ്പണി നടത്തുന്നതിനോ തയ്യാറാകണം.

ശ്രീ. ബാബു എം. പാലിശ്ശേരി: വിയോജിപ്പ് രേഖപ്പെടുത്തുന്നു. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ നിസംഗതയാണ് സർക്കാരിനുള്ളത്. അനാവശ്യമായ നികുതി ഇളവുകളും ഭരണ സംവിധാനത്തിലെ പിഴവുമാണ് ധനകാര്യ അപചയത്തിന് കാരണമാകുന്നത്. ചെക്ക് പോസ്റ്റുകളിലും സ്വർണ്ണ വ്യാപാര രംഗത്തും നടക്കുന്ന നികുതി വെട്ടിപ്പ് തടയണം. പൊതു മേഖലാ സ്ഥാപനങ്ങളുടെ

നിക്ഷേപം ട്രഷറികളിൽനിന്നും ബാങ്കുകളിലേയ്ക്ക് മാറ്റിയതുമൂലം ട്രഷറികളുടെ പ്രവർത്തനം മന്ദീഭവിക്കുന്ന സ്ഥിതിവിശേഷമാണ് സംജാതമായിരിക്കുന്നത്. നീതിനിർവ്വഹണവും ധനവിനിയോഗവും കാര്യക്ഷമമാക്കുന്നതിനും അഴിമതി വിമുക്തഭരണം നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. വി. ചെന്താമരാക്ഷൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. മിലിട്ടറി ക്യാന്റീൻ വഴി വിൽക്കുന്ന സാധനങ്ങൾക്ക് ഏർപ്പെടുത്തിയ നികുതി പിൻവലിക്കണം. വാളയാർ ചെക്ക്പോസ്റ്റിലെ ഗ്രീൻ ചാനലിലൂടെ കടന്നുപോകുന്നതിന് എക്സ്ലിം കണ്ടെയ്നറുകൾക്ക് നിയമാനുസൃതം അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ ഉറപ്പാക്കണം. സംഭരിച്ച നെല്ലിന്റെ വില സമയബന്ധിതമായി ലഭ്യമാക്കണം. കാർഷികാവശ്യങ്ങൾക്കുള്ള ഭൂവിനിയോഗം വർദ്ധിപ്പിക്കുന്നതിനും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക മേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിനും ഹൈടെക് കൃഷി കാര്യക്ഷമമാക്കുന്നതിനും കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും മത്സ്യബന്ധന മേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നത്. വിലക്കയറ്റംപോലുള്ള പ്രതിസന്ധികൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ

ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. നികുതി വർദ്ധനവിന്റെ ഭാരം സാധാരണക്കാരായ ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കപ്പെടുകയാണ്. കേന്ദ്ര ഗവൺമെന്റിൽനിന്നും സംസ്ഥാനത്തിന് അർഹമായ ഗ്രാന്റുകൾ നേടിയെടുക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. കൈത്തറി-ഖാദി വസ്ത്രങ്ങൾക്കുൾപ്പെടെ ടേൺ ഓവർ ടാക്സ് ഏർപ്പെടുത്തിയിരിക്കുന്നതുമൂലം പരമ്പരാഗത തൊഴിൽ മേഖല പ്രതിസന്ധിയിലാണ്. ചീഫ് സെക്രട്ടറിയുടെ ഭാര്യയുടെ പേരിൽ തൃശ്ശൂരിൽ വാങ്ങിയ 40 സെന്റ് സ്ഥലത്തിന് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് സമ്പാദിച്ചതിലൂടെ അധികാര ദുർവിനിയോഗമാണ് നടത്തിയിരിക്കുന്നത്. സംസ്ഥാനത്ത് ഉന്നത പദവി വഹിക്കുന്ന ഐ. എ. എസ്. ഉദ്യോഗസ്ഥരുടെ ഭൂമി സമ്പാദനത്തെ സംബന്ധിച്ച് അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകണം. കൊച്ചി മെട്രോ ഉപകരാർ കൊടുത്തിരിക്കുന്ന L&T, സോമ എന്നീ കമ്പനികൾ കൊച്ചി മെട്രോയ്ക്ക് അനുവദിച്ച ടാക്സ് എക്സംപ്ഷൻ ഉപയോഗപ്പെടുത്തി ഖജനാവിന് നഷ്ടമുണ്ടാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കണം. വെളിച്ചെണ്ണ ചേർത്ത് നിർമ്മിക്കുന്ന അലക്ക് സോപ്പിന് നികുതി എക്സംപ്ഷൻ കൊടുത്തത് വലിയ തോതിൽ നികുതി ചോർച്ചയ്ക്ക് വഴിവയ്ക്കുന്നതാണ്.

<u>ശ്രീ. സി. കെ. നാണു</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാനത്ത് നികുതി പിരിവ് കാര്യക്ഷമമല്ല. സംസ്ഥാന വികസനത്തിനായി കേന്ദ്രത്തിൽനിന്ന്

അർഹമായ നികുതി വിഹിതം നേടിയെടുക്കാൻ കഴിയുന്നുണ്ടോയെന്ന് പരിശോധിക്കണം. ദേശസാത്കൃത ബാങ്കുകളിലെ പണം ഉപയോഗിച്ച് വൻകിട കോർപ്പറേറ്റുകൾ വിദേശത്തും മറ്റും വ്യവസായങ്ങളുണ്ടാക്കുന്ന സ്ഥിതി ഒഴിവാക്കിക്കൊണ്ട് വിദേശ മലയാളികളടക്കം സംസ്ഥാനത്തെ ദേശസാത്കൃത ബാങ്കുകളിൽ നിക്ഷേപിക്കുന്ന പണം കേരളത്തിന്റെ വികസനത്തിനുതകുന്ന വിധത്തിൽ ഉപയോഗിക്കുന്നതിനും പരമ്പരാഗത സാമ്പത്തിക സ്രോതസ്സുകളെ മാത്രം ആശ്രയിക്കാതെ പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും ശ്രമിക്കണം. കെട്ടിട നികുതി വർദ്ധനയും സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധനയും ഒഴിവാക്കണം. വിലവർദ്ധനവിനോടൊപ്പം പുതിയ നികുതി ഭാരംകൂട്ടി സാധാരണക്കാരുടെമേൽ അടിച്ചേൽപ്പിക്കുന്ന നടപടിയിൽനിന്ന് പിന്മാറണം.

<u>ശ്രീമതി കെ. കെ. ലതിക</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാനത്തിന്റെ ചെലവുകൾ നേരിടാൻ വരുമാന വർദ്ധനവിനായി നികുതി വർദ്ധിപ്പിക്കുന്നത് സാധാരണക്കാരന്റെമേൽ ഭാരം അടിച്ചേൽപ്പിക്കുന്ന തരത്തിലാകരുത്. യുക്തിസഹമായ നികുതി ഘടനയുണ്ടാക്കുകയും മോട്ടോർ വാഹന നികുതി വർദ്ധന പുന:പരിശോധിക്കുകയും ചെയ്യണം. നികുതിയേതര വരുമാനമായ ലോട്ടറി ടിക്കറ്റിന്റെ നിരക്ക് വർദ്ധിപ്പിക്കുന്ന സമീപനം ശരിയല്ല. പൊതുമേഖലയെയും

സഹകരണ മേഖലയേയും ശക്തിപ്പെടുത്തുന്നതിനും ഗഹാൻ രജിസ്ട്രേഷന് ഏർപ്പെടുത്തിയ ഫീസ് പിൻവലിക്കുന്നതിനും നടപടി സ്വീകരിക്കണം. സ്ത്രീകളുടെ സാമ്പത്തികവും സാമൂഹികവുമായ പദവി ഉയർത്തുകയും സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പ്രത്യേക വകുപ്പ് രൂപീകരിക്കുകയും വേണം.

ശ്രീ. റ്റി. എൻ. പ്രതാപൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ പ്രവൃത്തികൾ അതാത് സാമ്പത്തിക വർഷംതന്നെ ആരംഭിച്ചോയെന്ന് കൃത്യമായി മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാകണം. പദ്ധതി നിർവ്വഹണം സൂക്ഷ്മമായ നിരീക്ഷണത്തിന് വിധേയമാക്കുന്നതോടൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിനിയോഗത്തിൽ വന്നിട്ടുള്ള പോരായ്മകളും പരിഹരിക്കണം. ലഭ്യമായ ഭൂമിയും വിഭവങ്ങളും പരമാവധി പ്രയോജനപ്പെടുത്തി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തണം. കൃഷിഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരുന്നതിന്റെ ഫലമായി കാർഷികോല്പന്നങ്ങൾക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതി ഉണ്ടാകുകയാണ്. വിത്തും വളവും ജൈവ കീടനാശിനിയും ഗുണമേന്മ ഉറപ്പുവരുത്തി കൃഷിക്കാരന് സൗജന്യമായി ലഭ്യമാക്കുന്നതിനുപുറമേ മൊത്തം ഉല്പാദനത്തിന്റെ 50

ശതമാനമെങ്കിലും ഇൻസെന്റീവായി നൽകുകയും ചെയ്യണം. കാർഷികോല്പന്നങ്ങളുടെ താങ്ങുവില അതാത് വർഷത്തെ ഉല്പാദനത്തിനനുസരിച്ച് പുതുക്കി നിശ്ചയിക്കണം. കാർഷിക സർവ്വകലാശാലയുടെ ഗവേഷണഫലങ്ങൾ പൊതുസമൂഹത്തിൽ എത്തിക്കുന്നതിനായി ഓരോ അദ്ധ്യാപകർക്കും രണ്ട് ഗ്രാമപഞ്ചായത്തുകളുടെ വീതം ചുമതല നൽകണം. ഗ്രാമപഞ്ചായത്ത്, കാർഷിക സർവ്വകലാശാല, സംസ്ഥാന സർക്കാർ എന്നിവർ തമ്മിൽ ത്രികക്ഷി എം.ഒ.യു. ഒപ്പുവച്ച് വിജ്ഞാനവും വിവരസാങ്കേതിക വിദ്യയും മറ്റും കൃഷിക്കാരന് ലഭ്യമാക്കണം. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പുമായി ആലോചിച്ച് സസ്യജന്തുജാലങ്ങളുടെ നിലനിൽപ്പിനും ആവാസവ്യവസ്ഥയ്ക്കും കോട്ടംതട്ടുന്ന വിധത്തിൽ പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്യുന്നതിനെതിരെ നടപടി സ്വീകരിക്കണം. ചെക്ക്പോസ്റ്റുകളിൽ നിയമങ്ങളും ചട്ടങ്ങളും നടപ്പാക്കുന്നതോടൊപ്പം മെച്ചപ്പെട്ട സേവനംകൂടി ലഭ്യമാക്കിയാൽ റവന്യൂ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കും. വാളയാറിൽ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ആധുനിക ചെക്ക്പോസ്റ്റ് സംവിധാനത്തിന്റെ നിർമ്മാണപ്രവർത്തനം ആരംഭിക്കുകയും ഗ്രീൻ ചാനൽ സംവിധാനം കുറ്റമറ്റതാക്കുകയും വേണം. പാട്ടക്കരാർ കഴിഞ്ഞതോ ലംഘിക്കപ്പെട്ടതോ ആയ ഭൂമിയെ പൊതുഭൂമിയാക്കി മാറ്റുന്നതോടൊപ്പം സർക്കാർ ഭൂമിയുടെ ഉടമസ്ഥാവകാശം സർക്കാരിൽത്തന്നെ നിക്ഷിപ്തമാകുന്ന തരത്തിൽ നിയമപരിരക്ഷ ഉറപ്പുവരുത്തുകയും ചെയ്യണം.

വനഭൂമിയും റവന്യൂഭൂമിയുമായി ബന്ധപ്പെട്ട കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളിൽ മോണിട്ടറിംഗ് സംവിധാനമേർപ്പെടുത്തണം. ലഭ്യമായ ഫണ്ടിന്റെ ശരിയായ വിനിയോഗം സേവനമേഖലയിലുണ്ടാകണം. ജനാഭിലാഷത്തിന് ഊന്നൽ നൽകുന്ന ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ പ്രായോഗിക തലത്തിലെത്തിക്കുന്നതിനുള്ള ശ്രമമുണ്ടാകണം. അനധികൃത കരിങ്കൽക്വാറികളെ നിയന്ത്രിക്കുന്നതിന് കർശനമായ ഇടപെടലുണ്ടാകണം. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനും മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് ആവശ്യമായ തുക വകയിരുത്തുന്നതിനും തയ്യാറാകണം.

ശ്രീ. എ. പ്രദീപ് കുമാർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള ധനകാര്യ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വിഭവസമാഹരണത്തിന്റെയും വിനിയോഗത്തിന്റെയും കാര്യത്തിൽ ഈ സർക്കാർ തീർത്തും പരാജയമാണ്. കോഴിക്കോട് അന്താരാഷ്ട്രനിലവാരമുള്ള ഫുട്ബാൾ സ്റ്റേഡിയം നിർമ്മിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കാൻ നടപടി സ്വീകരിക്കണം. ദേശീയ ഗെയിംസ് വേദികളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കണം. തിരുവനന്തപുരം കാര്യവട്ടത്തുള്ള സ്റ്റേഡിയത്തിലേയ്ക്കും

കോഴിക്കോട് അത്‌ലറ്റിക്-കം-ഫുട്ബാൾ സ്റ്റേഡിത്തിലേയ്ക്കുമുള്ള റോഡിന്റെ നിർമ്മാണം എത്രയുംവേഗം ആരംഭിക്കണം. ദേശീയ ഗെയിംസിന്റെ നിർമ്മാണ പ്രവൃത്തികൾ വിലയിരുത്തേണ്ട റിവ്യൂ കമ്മിറ്റികൾ കൃത്യമായി യോഗം ചേരുന്നുണ്ടെന്ന് ഉറപ്പാക്കണം. കോഴിക്കോട് ദേശീയ ഗെയിംസ് ഫുട്ബാൾ വേദിക്ക് പേരിട്ടതുമായി ബന്ധപ്പെട്ടുള്ള ആക്ഷേപങ്ങൾ പരിഹരിക്കണം. ദേശീയ ഗെയിംസിൽ വിജയികളാകുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ വകുപ്പ് നൽകേണ്ട ക്യാഷ് അവാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം. സ്പോർട്സ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സ്പോർട്സ് മെഡിസിൻ ഇൻസ്റ്റിറ്റ്യൂട്ടിനെ പ്രവർത്തനസജ്ജമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. രാഷ്ട്രീയ ധാർമ്മികതയും ഭരണസ്ഥിരതയുമില്ലാത്ത സർക്കാരാണിത്.

<u>ശ്രീ. എ. എം. ആരിഫ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ ധനകാര്യ (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കരാറുകാർ, കർഷകർ, മത്സ്യത്തൊഴിലാളികൾ, ആശാ വർക്കേഴ്സ്, കെ.എസ്.ആർ.ടി.സി. പെൻഷൻകാർ തുടങ്ങി സർക്കാരിൽനിന്നും പണം ലഭിക്കേണ്ടവരെല്ലാം സമരത്തിലേർപ്പെട്ടിരിക്കുകയാണ്. 2000 കോടി രൂപയുടെ കുടിശ്ശികയാണ്

കരാറുകാർക്ക് കൊടുത്തുതീർക്കാനുള്ളത്. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ട്രഷറികൾ അടച്ചുപൂട്ടുന്ന അവസ്ഥ സംജാതമാകുകയും സംസ്ഥാനം കടക്കെണിയിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയുമാണ്. അഴിമതി വ്യാപകമായതിന്റെ ഫലമായി ചെക്ക്പോസ്റ്റുകളിലൂടെയുള്ള വരുമാനം ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. ചെക്ക്പോസ്റ്റുകളിൽ സ്കാനർ സംവിധാനം ഏർപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം. ആസൂത്രണ ബോർഡിൽ കെടുകാര്യസ്ഥതയും ധൂർത്തും വ്യാപകമായിരിക്കുകയാണ്. ക്ഷേമ പെൻഷനുകൾ അനുവദിക്കുന്നതിനുള്ള വരുമാന പരിധി 3 ലക്ഷം രൂപയാണെന്ന് പ്രഖ്യാപിക്കുകയും അർഹരായവരെ കണ്ടെത്തിയപ്പോൾ ഒരു ലക്ഷം രൂപയാക്കി വെട്ടിക്കുറയ്ക്കുകയും ചെയ്ത നടപടി ആശാസ്യമല്ല. ആരോഗ്യം, വിദ്യാഭ്യാസം, പൊതുവിതരണം തുടങ്ങിയ മേഖലകളെ തകർക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല. പാർപ്പിട പദ്ധതി സ്വപ്നപദ്ധതിയായി മാറിയിരിക്കുകയാണ്. സർക്കാർ പ്രഖ്യാപനങ്ങൾ നടത്തുന്നതല്ലാതെ അവയൊന്നും പ്രാവർത്തികമാക്കുന്നില്ല. ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. ശിവദാസൻ നായർ:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള

2014-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ സന്നദ്ധമാകുന്നില്ലെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. കൂടുതൽ കേന്ദ്രവിഹിതം ലഭ്യമാക്കിയും നികുതി വരുമാനം വർദ്ധിപ്പിച്ചും ചെലവുകൾ ചുരുക്കിയുമുള്ള വികസന പ്രവർത്തനങ്ങൾക്കാണ് ഈ സർക്കാർ ഊന്നൽ നൽകുന്നത്. കമ്പ്യൂട്ടറൈസേഷൻ ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തി മാൻപവർ കുറയ്ക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. ചെലവ് ചുരുക്കുന്നതിനെ സംബന്ധിച്ച് ഓരോ വകുപ്പും ഗൗരവമായി ആലോചിക്കണം. ലോട്ടറിയിൽനിന്ന് പ്രതിവർഷം 1600 കോടി രൂപയുടെ വരുമാനമുണ്ടാക്കാൻ സർക്കാരിന് കഴിഞ്ഞു. നികുതി ചോർച്ച തടയാനും നികുതി വകുപ്പിനെ ആധുനികവൽക്കരിച്ച് വരുമാന വർദ്ധനവുണ്ടാക്കാനും നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കാനുമുള്ള നടപടി സ്വീകരിക്കണം. ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ നികുതി/ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെലവ് ചുരുക്കുന്നതിനും ശക്തമായ ഇടപെടലുണ്ടാകണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും

പരിധിയിൽവരുന്ന വസ്തുക്കളുടെ സ്റ്റാമ്പ് ഡ്യൂട്ടി ആറ് ശതമാനമാക്കി ഏകീകരിച്ചിട്ടുണ്ട്. സഹകരണ ബാങ്കുകളോ സൊസൈറ്റികളോ ഇടപാടുകാരുമായുണ്ടാക്കുന്ന ഉടമ്പടികൾക്ക് 100 രൂപ സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കുന്നതൊഴികെ സഹകരണ സംഘങ്ങൾ എം.ഡി.എസ്. ഇടപാടുകാരിൽനിന്ന് യാതൊരുവിധത്തിലുമുള്ള രജിസ്ട്രേഷൻ ഫീസും ഈടാക്കുന്നില്ല. വാണിജ്യ ബാങ്കുകളിൽനിന്നെടുക്കുന്ന പണയ വായ്പയുടെ രജിസ്ട്രേഷൻ ഫീസ് കുറയ്ക്കുന്നതിന് ബില്ലിൽ ഭേദഗതി കൊണ്ടുവരാറില്ല. റൂളുകൾക്കുള്ള ഭേദഗതി എക്സിക്യൂട്ടീവ് ഓർഡറായി കൊണ്ടുവരാവുന്നതാണ്. സാധാരണക്കാരുടെ കെട്ടിടങ്ങളെ നികുതിയിൽനിന്ന് ഒഴിവാക്കുന്ന രീതിയിലാണ് കെട്ടിട നികുതി ഏർപ്പെടുത്തിയിരിക്കുന്നത്. ഒരു ലക്ഷത്തിന് താഴെ വിലയുള്ള മോട്ടോർ ബൈക്കുകളുടെയും 5 ലക്ഷത്തിന് താഴെ വിലയുള്ള മോട്ടോർ കാറുകളുടെയും ഒറ്റത്തവണ നികുതിയിൽ വരുത്തിയ വർദ്ധനവ് പിൻവലിച്ചിട്ടുണ്ട്. പുഷ്ബാക്ക് സീറ്റുകൾ ഘടിപ്പിക്കുമ്പോൾ സീറ്റുകളുടെ എണ്ണം കുറയുന്നതിന്റെ ഫലമായി നികുതി നഷ്ടപ്പെടുന്നത് ഒഴിവാക്കാനാണ് അത്തരം സീറ്റുകളുള്ള കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾക്ക് നികുതി വർദ്ധിപ്പിച്ചിരിക്കുന്നത്. ഖാദി, കൈത്തറി തുണിത്തരങ്ങൾക്കുള്ള ടേൺ ഓവർ ടാക്സ് ഒഴിവാക്കുന്നതാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നിയമിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ

ടീം അന്വേഷണം നടത്തിയാണ് പെനാൽറ്റി ഓർഡർ പുറപ്പെടുവിച്ചിട്ടുള്ളത്. ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്)-ന് മുമ്പാകെ തോംസൺ ഗ്രൂപ്പ് അപ്പീൽ ഫയൽ ചെയ്ത് പെനാൽറ്റി അടയ്ക്കുന്നതിന് സാവകാശം ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ആറ് കോടി രൂപ അടയ്ക്കുകയും ശേഷിക്കുന്ന ആറ് കോടി രൂപ അടയ്ക്കുന്നത് സംബന്ധിച്ച് സുപ്രീം കോടതിയിൽ നൽകിയ അപ്പീലിന്മേൽ 08-04-2013 വരെ സ്റ്റേ കൊടുക്കുകയും ചെയ്തിരുന്നു. ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്) 28-10-2013-ൽ പെനാൽറ്റി ഓർഡർ അസ്ഥിരപ്പെടുത്തി റിമാന്റ് ചെയ്തിരിക്കുകയാണ്. ഇതിനുമുമ്പ് ഉണ്ടായിരുന്ന ഡെപ്യൂട്ടി കമ്മീഷണർമാരെ അകാരണമായി ട്രാൻസ്ഫർ ചെയ്തുവെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. അന്വേഷണം പൂർത്തിയാക്കി പെനാൽറ്റി ഓർഡർ ഇറക്കിയതിനുശേഷമാണ് ശ്രീ. സജീവനെ ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. ഇൻവെസ്റ്റിഗേഷൻ സ്റ്റേജിൽ ഒരു ഉദ്യോഗസ്ഥനെയും സ്ഥലം മാറ്റിയിട്ടില്ല. ഭരണപരമായ സൗകര്യത്തിനുവേണ്ടി ഉദ്യോഗസ്ഥരെ സ്ഥലംമാറ്റുന്ന നടപടി സ്വാഭാവികമാണ്. മെറിറ്റിന്മേൽ കേസ് ഡിസ്പോസ് ചെയ്യണമെന്നാണ് യോഗത്തിൽ തീരുമാനമെടുത്തിട്ടുള്ളത്. കേസ് റിമാന്റ് ചെയ്യരുതെന്ന തീരുമാനം

ഡി.സി. (അപ്പീൽസ്)-ന്റെ കോൺഫറൻസിൽ ഉണ്ടായിട്ടില്ല. പ്രസ്തുത വസ്തുതകൾ പരിഗണിച്ചതിനുശേഷമാണ് ജോയിന്റ് കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. റിമാന്റ് ഓർഡറിനെതിരായി ഡിപ്പാർട്ട്മെന്റ്തലത്തിൽ ആറ് അപ്പീലുകൾ ട്രൈബ്യൂണലിൽ ഫയൽ ചെയ്ത് അഡ്വാൻസ് പെറ്റീഷൻ കൊടുത്തിട്ടുണ്ട്. വളരെ ജാഗ്രതയോടുകൂടിയാണ് ഗവൺമെന്റ് കേസ് നടത്തുന്നത്. കേസന്വേഷണത്തിൽ തടസ്സമുണ്ടാകുന്നു എന്നുള്ള പ്രതിപക്ഷത്തിന്റെ ആരോപണം വസ്തുതാപരമല്ല. ഹൈക്കോടതി പാനൽ വരുന്ന മുറയ്ക്ക് വാറ്റ് ട്രൈബ്യൂണൽ ജഡ്ജിയുടെ നിയമനം ഉടൻ നടത്തുന്നതാണ്. പെനാൽറ്റി ഓർഡർ റിമാന്റ് ചെയ്യാൻ ഡി.സി. (അപ്പീൽസ്)-ന് അധികാരമില്ലെന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചത്. ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്)മാരുടെ മുമ്പാകെ നാമമാത്രമായ അപ്പീലുകൾ മാത്രം നിലവിലുണ്ടായിരുന്ന സാഹചര്യത്തിലാണ് പെനാൽറ്റി ഉത്തരവുകളും അപ്പീൽ നൽകാവുന്ന ഉത്തരവുകളുടെ ഗണത്തിൽപ്പെടുത്തിയത്. അപ്പീലുകളുടെ എണ്ണം ഗണ്യമായി വർദ്ധിച്ച സാഹചര്യത്തിൽ ജില്ലാ ഡെപ്യൂട്ടി കമ്മീഷണർമാർക്കുണ്ടായിരുന്ന റിവിഷൻ അധികാരങ്ങൾ പുന:സ്ഥാപിക്കുന്നതാണ്. ഡെപ്യൂട്ടി കമ്മീഷണർമാർ, ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്) എന്നിവരുടെ

റിമാന്റ് ചെയ്യാനുള്ള അധികാരം എക്സ്-പാർട്ടി ഉത്തരവുകൾക്ക് മാത്രമായി പരിമിതപ്പെടുത്തുന്ന നയമാണ് ഗവൺമെന്റ് സ്വീകരിച്ചത്. പെനാൽറ്റി ഉത്തരവുകൾ റിമാന്റ് ചെയ്യരുതെന്ന വ്യവസ്ഥ ധനകാര്യ ബില്ലിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഡിപ്പാർട്ടുമെന്റ് റിമാന്റിനെതിരെ വാറ്റ് ട്രൈബ്യൂണലിൽ അപ്പീൽ ഫയൽ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ട്രൈബ്യൂണലിന്റെ അന്തിമ ഉത്തരവ് വരുന്ന മുറയ്ക്ക് തീരുമാനമെടുക്കാവുന്നതാണ്. സ്റ്റാറ്റ്യൂട്ടറി അപ്പീൽ പെൻഡിംഗായതുകൊണ്ട് അന്വേഷണം നടത്തുന്നത് അഭികാമ്യമല്ല.

**പ്രത്യേക പരാമർശം**

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ചെക്ക്പോസ്റ്റുകളിൽ വ്യാപാരികൾ നൽകേണ്ട വിശദാംശങ്ങൾ സംബന്ധിച്ച് സർക്കാർ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ അപ്രായോഗികമാണെന്ന് വ്യാപാരികൾ പരാതിപ്പെട്ടിരിക്കുകയാണ്. ഈ വിഷയത്തിൽ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് തീരുമാനം എടുക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ചെക്ക്പോസ്റ്റുകളിൽ കൊണ്ടുവന്നിരിക്കുന്ന ക്രമീകരണം വളരെ നല്ലതാണ്.

ഇതുസംബന്ധിച്ച പരാതികൾ ഒരുമിച്ചിരുന്ന് ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്.

## ചീഫ് സെക്രട്ടറിക്കെതിരെ ശ്രീ. വി. എസ്. സുനിൽകുമാർ ഉന്നയിച്ച ആരോപണത്തിനുള്ള മറുപടി

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ധനകാര്യ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത് ശ്രീ. വി. എസ്. സുനിൽകുമാർ എം.എൽ.എ. ചീഫ് സെക്രട്ടറിക്കെതിരായി ഉന്നയിച്ച ആരോപണം അടിസ്ഥാന രഹിതമാണെന്നാണ് രേഖകൾ പരിശോധിച്ചതിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ചീഫ് സെക്രട്ടറിയുടെ ഭാര്യയ്ക്ക് തൃശ്ശൂരിലുള്ള സ്വത്തിന്റെ വിവരം ഉൾപ്പെടുത്തിയിട്ടില്ലെന്നാണ് ആദ്യത്തെ ആരോപണം. രണ്ട് പ്ലോട്ടുകളും വിലയ്ക്ക് വാങ്ങിയതല്ലെന്നും മാതാവിന്റെ ആധാര പ്രകാരം കുടുംബസ്വത്തിന്റെ ഭാഗമായി തലമുറകളായി കൈവശം വച്ചിരിക്കുന്ന സ്വത്തുവിവരം അറിയിക്കേണ്ടതില്ലാത്തതുകൊണ്ടുമാണ് സ്വത്തുവിവരപ്പട്ടികയിൽ ഉൾപ്പെടുത്താതിരുന്നത്. സ്വത്തിന്റെ ഫെയർ വാല്യു കുറച്ചുകാണിച്ച് ഗവൺമെന്റിന് നഷ്ടം വരുത്തി എന്നുള്ളതാണ് മറ്റൊരു ആരോപണം. മെയിൻ റോഡ് സൈഡിലുള്ള പ്ലോട്ടിന് 24,70,000 രൂപയും അകത്തുള്ള പ്ലോട്ടിന് 12,35,000

രൂപയുമാണ് വില നിശ്ചയിച്ചിരുന്നത്. ഇതുസംബന്ധിച്ച് പരിശോധിക്കുന്നതിനായി 21-04-2014-ന് നൽകിയ അപേക്ഷയിന്മേൽ ഡെപ്യൂട്ടി കളക്ടർ നടത്തിയ ഹിയറിംഗിൽ സ്ഥലത്തിന്റെ മാപ്പ് പരിശോധിച്ചപ്പോൾ പിശക് പറ്റിയിട്ടുണ്ടെന്ന് കാണുകയും റോഡ് സൈഡിലുള്ള പ്ലോട്ടുകൾക്കാണ് 24,70,000/- രൂപ നിശ്ചയിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടതിനാൽ ഇവരുടെ പ്ലോട്ടിന് 12,35,0000/- രൂപ ന്യായ വില നിശ്ചയിച്ച് കൊടുക്കുകയുമുണ്ടായി. തികച്ചും ന്യായമാണെന്ന് കണ്ടാണ് മാറ്റം വരുത്തിയത്. ഗവൺമെന്റ് ഉദ്യോഗസ്ഥർക്കുള്ള പ്രത്യേക ഗൈഡ്‌ലൈൻ അനുസരിച്ച് കുടുംബപരമായി ലഭിച്ച സ്വത്തിന്റെ വിവരം ഉൾപ്പെടുത്തേണ്ട ആവശ്യമില്ല. നിയമാനുസൃതം ഗവൺമെന്റിലേയ്ക്ക് അടയ്ക്കേണ്ട നികുതി അടച്ചുകൊണ്ടാണ് അനുമതി കൊടുത്തത്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള ധനകാര്യ ബില്ലും 2014-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും

പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

109, 110, 111, 112, 113, 114 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

115, 118, 119, 120, 121, 122, 123, 124 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

188. In Subsection (1B) of section 28A proposed to be inserted by item (a) of sub clause (1) of clause 3 of the Bill, the words, figure and brackets “fixed under subsection (1)” shall be omitted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം

സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

ഭേദഗതി ഇല്ല.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

125-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

125. In section 23BA of the Kerala General Sales Tax Act, 1963 proposed to be substituted by clause 5(3) (aa), after the word “companies” the words “wherever they occur” shall be inserted.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

126, 127, 128, 129, 130, 131, 132, 133, 134, 135, 136, 137, 138, 139, 140 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

141, 142, 143, 144, 145, 146, 147, 148, 149, 150, 151, 152, 153, 154, 155, 156, 157, 158, 159, 160, 161, 162, 163, 164, 165 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

185. 1. for the fourth proviso, proposed to be substituted by sub-item (iii) of item (a) of sub-clause (2), the following proviso shall be substituted, namely:-

“Provided also that in respect of old motor cycles specified in item (I), old three wheelers specified in item (2) and old motor cars specified in item II (i) of the Schedule, there shall be levied a tax in advance for a period of

five years after the expiry of the period in respect of which tax has been paid at the rate specified in Annexure II and for new goods carriages specified in item (3)(i)(a) to (3)(i)(e) and (3)(ii)(a) to (3)(ii)(e), new Autorickshaws specified in item 7(i)(a), there shall be levied a tax in advance for a period of five years at the rate specified in Annexure II at the time of first registration of the vehicle and thereafter tax shall be levied for five years or for one year at the rate specified in the seventh proviso to sub-section (I) of section 4";

2. In sub-item (I) of item (a) of sub-clause (3), for the words, "or goods caarriage" the words "or new goods carriage" shall be substituted;

3. In item (a) of sub-clause (3), for the seventh proviso proposed to be substituted by sub-item (iv), the following proviso shall be substituted, namely:-

"Provided also that the owner or a peroson liable to pay tax in respect of goods vehicles specified in item 3(i)(a) to 3(i)(e) and 3(ii)(a) to 3(ii)(e), autorickshaws specified in item 7(i)(a), motor cab specified in item 7(i)(b) and tourist motor cab specified in item 7(i)(c) of the Schedule shall have an option to remit tax in lump sum for five years at the rate specified in Annexure II or to remit tax for one year at the rate specified in item 3(i)(a) to

3(i)(e), 3(ii)(a) to 3(ii)(e) and 7(i)(a) to 7(i)(c) of the Schedule respectively";

4. Sub-clause (4) shall be omitted.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

146. In line 7 of the fourth proviso to sub-section (1) of section 3 of the Kerala Motor Vehicles Taxation Act, 1976, proposed to be substituted by clause 7 (2) (a) (iii), for the words "five years" substitute the words, "one year or five years at the option of the owner".

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>8-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(186) In clause 8, in sub-item (I) of item (b) of sub-clause (2) for the words, " accommodation made" , the words " charges of accommodation for

residence and other amenities and services provided"   shall be substituted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

ഭേദഗതി ഇല്ല.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(187)

1. In clause 10, sub-item (iv) of item (a) of sub-clause (17) shall be omitted.

2. In clause 10, sub-item (iv) of item (c) of sub-clause (17), the following sub-item shall be substituted, namely:-

" (iv) in serial no.36, to item 27 the following proviso shall be

inserted, namely:-

" Provided that the tax, if any, collected during the period from the 13th day of November, 2009 to the 31st day of March, 2012 shall not be refunded" " ;

3. In clause 10, sub-item (ix a) of item (c) of sub-clause (17) shall be omitted.

166, 167, 168, 168A, 169, 170, 171, 173, 174, 175, 176, 177, 178, 179, 181, 184 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>11-ാം വകുപ്പ്</u>

ഭേദഗതി ഇല്ല.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

103, 104, 105, 106, 107, 108 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2014-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2014-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം 56 - നെതിരെ 70 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## 2. 2014-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

### വകുപ്പുതിരിച്ചുള്ള പരിഗണന

### 2-ാം വകുപ്പ്

103, 104 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ഭേദഗതി ഇല്ല.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2014-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2014-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം 56 - നെതിരെ 70 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 5.12-ന് പിരിഞ്ഞു.

* * * * * * * * * *